# പത്രക്കുറിപ്പ് (11.04.2017 )

## വ്യാജ മദ്യം - മയക്ക മരുന്ന് വിൽപന തടയുന്നതിനായി സ്പെഷ്യൽ കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു

**പൊതുജനങ്ങൾക്ക് വിവരങ്ങൾ കൈമാറാം 0487- 2322946, 9497917136 എന്ന നമ്പറിൽ**

ദേശീയ - സംസ്ഥാന പാതയോരങ്ങളിലെ ബാറുകളും, ചില്ലറ മദ്യ വിൽപന ശാലകളും, കള്ളുഷാപ്പുകളും നിർത്തലാക്കിയതിൻെറ പശ്ചാത്തലത്തിൽ വ്യാജ മദ്യത്തിൻെറയും, മയക്ക മരുന്നിൻെറയും കടത്തും, ഉൽപാദനവും, വിൽപ്പനയും വ്യാപകമാകുവാൻ സാധ്യതയുള്ളതിനാൽ ആയത് തടയുന്നതിനായി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് അസി. പോലീസ് കമ്മീഷണറുടെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്പെഷ്യൽ കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു. തൃശ്ശൂർ റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ എം.ആർ അജിത് കുമാറിൻെറ നിർദ്ദേശപ്രകാരമാണ് സ്പെഷ്യൽ കൺട്രോൾ റൂമിൻെറ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. വ്യാജ മദ്യം, മയക്കമരുന്ന് എന്നിവയെ പറ്റിയുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് 0487- 2322946, 9497917136 എന്നി നമ്പറുകളിൽ ഏത് സമയത്തും വിളിച്ചറിയിക്കാവുന്നതാണ്. വ്യാജ മദ്യ - മയക്കമരുന്ന് വിൽപന തടയുന്നതിനായി ജില്ലാ അതിർത്തിയിൽ സായുധ പോലീസിനെ വിന്യസിച്ചുകൊണ്ടുള്ള പരിശോധനകളും, ഹൈവേകളിൽ വാഹന പരിശോധനകളും കർശനമാക്കിയിട്ടുണ്ട്. മുൻകാലങ്ങളിൽ വ്യാജമദ്യ - മയക്കമരുന്ന് വിൽപന നടത്തിയതിന് പിടികൂടിയ പ്രതികളുടെ വിവരങ്ങൾ രഹസ്യാന്വേഷണ വിഭാഗം ശേഖരിച്ചിട്ടുള്ളതും, അത്തരക്കാരെ വരും ദിവസങ്ങളിൽ കർശനമായി നിരീക്ഷണം നടത്തുന്നതുമായിരിക്കും. വ്യാജമദ്യ ഉൽപാദനം നടത്തുവാൻ സാധ്യതയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് മിന്നൽ പരിശോധനകൾ നടത്തുവാനും ജില്ലാ പോലീസ് മേധാവി നാരായണൻ ടി. IPS ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ്, എക്സൈസ് വിഭാഗങ്ങൾ സംയുക്തമായി ചേർന്ന് റെയ്ഡുകൾ നടത്താൻ തീരുമാനമായിട്ടുണ്ട്. കോളനികൾ, ചേരി പ്രദേശങ്ങൾ, ചില ഷോപ്പിങ്ങ് മാളുകളുടെ പരിസരങ്ങൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചും മയക്ക മരുന്ന് വിൽപനയും ഉപയോഗവും നടന്നുവരുന്നുണ്ടെന്നുള്ള വിവരത്തിൻെറ അടിസ്ഥാനത്തിൽ അത്തരം സ്ഥലങ്ങളിൽ പരിശോധന നടത്തുവാൻ ഷാഡോ പോലീസ്, ഗുണ്ടാ വിരുദ്ധ സ്ക്വാഡ് എന്നിവരെയും നിയോഗിച്ചിട്ടുള്ളതാണ്. സ്ഥിരം വ്യാജ മദ്യ–മയക്ക മരുന്ന് വിൽപന നടത്തുന്നവർക്കെതിരെ KAAPA പ്രകാരം നടപടി സ്വീകരിക്കുവാനും, നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

Sd/-

ജില്ലാ പോലീസ് മേധാവി,

തൃശ്ശൂർ സിറ്റി.